മിൽമയുടെ എറണാകുളം മേഖലാ യൂണിയന്റെ 2015-16 വർഷത്തെ ബഡ്ജറ്റിൽ 12 ലക്ഷം രൂപ തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ വിതരണത്തിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ വാണിയമ്പാറ ഡയറി പ്രോജക്ടിനുകീഴിൽ 50 ക്ഷീര കർഷകർക്ക് പുൽകൃഷി വികസനത്തിനായി 10,000 രൂപ വീതം വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ തീറ്റപ്പുൽ വികസന പദ്ധതിക്കായി 2015-16 വർഷത്തിൽ 60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയനിൽ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ 20 ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(സി) നടപ്പുവർഷം ക്ഷീരവികസന വകുപ്പ് 500 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ തീറ്റപ്പുൽ കൃഷി വികസനത്തിന് സബ്സിഡി നൽകുകയും പ്രോത്സാഹനങ്ങളും പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുകയും ചെയ്യുന്നു.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ

49 (3251) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞ പാൽ കേരളത്തിൽ വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പരിഹാര നടപടികളാണ് കൂടുതലായി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്ന പ്രസ്തുത പ്രവൃത്തിയ്ക്കെതിരായി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

ഉണ്ട്. പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ്സേഫ്റ്റി കമ്മീഷണർ നിയമനടപടി സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. ക്ഷീരവികസന വകുപ്പും മിൽമയും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ കൃത്യമായി നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly